പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

## പോലീസുകാർ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രതികരണങ്ങൾ നടത്തരുതെന്നുള്ള സർക്കുലർ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5550 — 24.05.2017-ൽ മറുപടി

ചോദ്യം — മറുപടി

ശ്രീ. അനിൽ അക്കര — ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പോലീസുകാർ ഫെയ്സ് ബുക്ക്, വാട്സ് ആപ് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രതികരണങ്ങൾ നടത്തരുതെന്ന് ഡി.ജി.പി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) | പോലീസുദ്യോഗസ്ഥർ സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിലേക്ക് സംസ്ഥാന പോലീസ് മേധാവിയുടെ 31.12.2015-ലെ 45/2015 നമ്പർ പ്രകാരമുള്ള സർക്കുലറിൽ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. വ്യക്തിപരമായ അക്കൗണ്ടുകൾ ഉപയോഗിച്ച് സമൂഹ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾ പോലീസിന്റെ ഔദ്യോഗിക വിശദീകരണങ്ങളായി വ്യാഖ്യാനിക്കുവാൻ ഇടയുള്ളതിനാലാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | ജിഷ്ണു പ്രണോയിയുടെ അമ്മയെ പോലീസ് ആസ്ഥാനത്തിന് മുന്നിൽ വച്ച് വലിച്ചിഴച്ച പോലീസ് നടപടിയെ ന്യായീകരിച്ചു കൊണ്ട് കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സി.ആർ. ബിജു 6.04.2017-ൽ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്ത വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഡി.ജി.പിയുടെ സർക്കുലറിന് വിരുദ്ധമായി ഫെയ്സ്ബുക്ക് ഉപയോഗിച്ച ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പോസ്റ്റിൽ സർക്കുലറിന് വിരുദ്ധമായി യാതൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ